സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ജോലി ഉപേക്ഷിച്ചുപോയവരുടെ ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 11900/11/Est-1** നന്തൻകോട്, **12/08/2022**

---

പരാമർശം :– 1) 19–03–2021 ലെ മേൽ നമ്പർ ഉത്തരവ്.
2) ദേവസ്വം കമ്മീഷണറുടെ 09–06–2022 ലെ ROC 11085/2022/Bud നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും പരാമർശം 1 ഉത്തരവിൻപ്രകാരം 36 % ആയി വർദ്ധിപ്പിച്ചിരുന്നു. ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക വിതരണം സംബന്ധിച്ചും ടി ഉത്തരവിൽ പരാമർശിച്ചിരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജോലി നോക്കിവരവെ ഇതര സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ലഭിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും റിലീവ് ചെയ്തവർ ക്ഷാമബത്ത കുടിശ്ശിക ചെലവെഴുതുന്നതിലേക്കായി അപേക്ഷ ഹാജരാക്കിയിട്ടുളതാണെന്നും ടി ഉത്തരവിൽ ഇത്തരത്തിൽ ജോലി ഉപേക്ഷിച്ചുപോയവരുടെ ഡി.എ. കുടിശ്ശിക ചെലവെഴുതുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതാണെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം –2).

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജോലി നോക്കിവരവെ ഇതര സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ലഭിച്ചതിനെ തുടർന്ന് റിലീവ് ചെയ്തവരുടെ ക്ഷാമബത്ത കുടിശ്ശിക രൊക്കം പണമായി നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK